**No: 125/2020**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

അപ്പോസ്തോലിക കാലം മുതൽ കുഞ്ഞുങ്ങളുടെ ആത്മീയ പരിശീലനത്തിനു പ. സഭ പ്രാധാന്യം നൽകിയിരുന്നു. പെന്തിക്കോസ്തിക്കുശേഷം പ. പത്രോസ് ശ്ലീഹാ നൽകുന്ന പ്രബോധനത്തിൽ "പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ" എന്നു പഠിപ്പിക്കുന്നു. പരിശുദ്ധാത്മ കേന്ദ്രീകൃതമായ ജീവിതം കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എന്നത് പരിശുദ്ധ സഭയുടെ ദൗത്യമാണ്. ഈ ദൗത്യമാണ് സൺഡേസ്കൂൾ പ്രസ്ഥാനം പ. സഭയിൽ നിർവഹിക്കുന്നത്.

കോവിഡ് 19 മൂലം സൺഡേസ്കൂൾ പ്രവർത്തനം ക്രമമായി നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ സൺഡേസ്കൂൾ ഭാരവാഹികൾ അവസരത്തിനൊത്ത് ഉയരുകയും ഓൺലൈൻ ക്ലാസ്സുകൾ നടത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നിർവ്വഹിക്കുകയും ചെയ്തതിൽ നാം അവരെ അഭിനന്ദിക്കുന്നു. OSSAE യുടെ എല്ലാ പാഠഭാഗങ്ങളും ossaebodhanam.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ സൺഡേസ്കൂൾ യൂണിറ്റും അവരവരുടെ സാഹചര്യങ്ങൾക്ക് അനുസരിച്ച് നൂതന വിവരവിനിമയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയും സൺഡേസ്കൂൾ ക്ലാസ്സുകൾ മുടങ്ങാതെ നടത്തുകയും ചെയ്യണം. ഓരോ ഇടവകയിലെയും വികാരിമാരും അദ്ധ്യാപകരും മാതാപിതാക്കളും ഈ പുതിയ ക്രമീകരണവുമായി സഹകരിക്കണം.

2015-2020 കാലയളവിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ജനറൽമാരായിരുന്ന നമ്മുടെ ഡോ. റജി മാത്യൂസ് കത്തനാരോടും ഡോ. ജേക്കബ് കുര്യൻ കത്തനാരോടുമുള്ള സന്തോഷവും സ്നേഹവും അറിയിക്കുന്നു. മെത്രാസന തലങ്ങളിൽ പ്രവർത്തിച്ചിരുന്ന വൈസ് പ്രസിഡന്റുമാർ, ഡയറക്ടർമാർ, സെക്രട്ടറിമാർ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ, സെക്രട്ടറിമാർ, സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ എന്നിവരുടെ സേവനങ്ങളെ നാം സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. 2019 ഏപ്രിൽ 16 മുതൽ ഡയറക്ടർ ജനറലായി കോട്ടയം ഭദ്രാസനത്തിൽപ്പെട്ട മീനടം കല്ലൂർ ഡോ. വർഗീസ് വർഗീസ് കത്തനാരെ നിയമിച്ചിട്ടുള്ള വിവരം ഏവരും അറിഞ്ഞുകാണുമല്ലോ. 2020-25 വർഷങ്ങളിലേക്ക് നിയമിതരായ ഭാരവാഹികൾ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഭരണഘടനയ്ക്കു വിധേയമായും നമ്മുടെ നിർദ്ദേശങ്ങൾക്കനുസരിച്ചും ദൈവാശ്രയത്തോടും ഉത്തരവാദിത്വബോധത്തോടും ശുശ്രൂഷ നിർവഹിക്കണം എന്നു നാം ഉദ്ബോധിപ്പിക്കുന്നു.

(മറുപുറം)

കർത്താവിൽ പ്രിയരെ,

ഈ വർഷത്തെ സൺഡേസ്കൂൾദിനം യഥാസമയം നടത്തുവാൻ നമുക്കു സാധിച്ചില്ല. അതിനാൽ 2020 ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച സൺഡേസ്കൂൾ ദിനമായി ആചരിക്കണം. അന്നേദിവസം പ്രസ്ഥാനത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും യൂണിറ്റുകളിലെ അദ്ധ്യാപകർ ചെറുസംഘങ്ങളായി ഭവനങ്ങൾ സന്ദർശിച്ച് സൺഡേസ്കൂൾദിന കവർ ശേഖരണം നടത്തുകയും ചെയ്യണം. ഇങ്ങനെ ലഭിക്കുന്ന തുക ഇടവകകളിൽ നിന്നുള്ള സംഭാവനയുംചേർത്ത് ഡയറക്ടർ ജനറൽ ഒ.എസ്.എസ്.എ.ഇ., ദേവലോകം, കോട്ടയം-4 എന്ന വിലാസത്തിൽ അയച്ചു കൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂൺ മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.